മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) മലമ്പുഴ ഡാമിന്റെ പണി നടത്തിയ കാലത്തു് അതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ആലോചിച്ചിരുന്നു. എന്നാൽ അതു സാമ്പത്തികമായി ലാഭകരമല്ലെന്നാണു് പിന്നീടുള്ള വിദഗ്ദ്ധ പരിശോധനയിൽനിന്നും കണ്ടിട്ടുള്ളതു്.

ഇടുക്കി പദ്ധതിമൂലം കല്ലാർ പട്ടം കാളനിയിൽ കുടിയിറക്കേണ്ടി വരുന്നവർ

* 733. [8] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പദ്ധതി നടപ്പിൽവരുമ്പോൾ കല്ലാർപട്ടം കാളനിയിൽ എത്ര ഏക്കർ സ്ഥലം വെള്ളത്തിനടിയിൽ ആകുവാൻ ഇടയുണ്ടെന്നു് കണക്കാക്കീട്ടുണ്ടോ ;

(ബി) അതുമൂലം എത്ര കുടുംബങ്ങളെ കുടിയിറക്കേണ്ടി വരും ;

(സി) അങ്ങനെ കുടിയിറക്കാൻ ഇടയുള്ളവർക്കു് പകരംഭൂമി നൽകാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കല്ലാർപട്ടം കാളനിയിൽപ്പെട്ടതോ, സമീപപ്രദേശത്തുള്ളതോ ആയ ഒരു സ്ഥലവും ഇടുക്കി പദ്ധതി നടപ്പിൽവരുമ്പോൾ വെള്ളത്തിനടിയിലാവാൻ ഇടയില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ആമ്ഡ് റിസർവ്വിന്റെ ആവശ്യത്തിനു കാർട്ടേഴ്സ് പണി

* 734. [9] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആമ്ഡ് റിസർവ്വിന്റെ ആവശ്യത്തിനു് കാർട്ടേഴ്സ് പണിയാൻ എവിടെയെല്ലാം നടപടികളെടുത്തുവരുന്നുണ്ടു് ;

(ബി) തൃപ്പൂണിത്തുറയിൽ ഇതിനുവേണ്ടി ചെയ്തിട്ടുള്ളതും ചെയ്യാൻ പോകുന്നതുമായ പണികളെന്തെല്ലാമാണു് ;

(സി) പുതിയ കാർട്ടേഴ്സിലേക്കു ക്യാമ്പു മാറുന്നതോടെ എറണാകുളത്തും, തൃപ്പൂണിത്തുറയിലും ഇപ്പോഴുള്ള കെട്ടിടങ്ങൾ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ; ഇവിടേയ്ക്കു ഏതെങ്കിലും ഗവണ്മെന്റു് ആഫീസുകൾ മാറ്റാൻ നിർദ്ദേശം ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ കെട്ടിടങ്ങൾ വെറുതെ ഇടാതെ ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ നടക്കുന്ന ആഫീസുകളിൽ ചിലതു് ഈ കെട്ടിടങ്ങളിലേക്കു മാറ്റാൻ നടപടികളെടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ കാർട്ടേഴ്സ് പണിയാൻ നടപടി എടുത്തുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആം'ഡ് റിസർവ്വിനു് ഫാമിലി ക്വാർട്ടേ'സ് പണിയുന്നതിനായി തുപ്പണിത്തുറയിലെ ഹിൽ പാലസിനടുത്തു് 14 ഏക്കർ 51 സെന്റു് സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടു്. തുപ്പണിത്തുറയിൽ ഹിൽ പാലസിനടുത്തുതന്നെ എറണാകുളത്തെ ആം'ഡ് റിസർവ്വിനുള്ള ബാരക്കുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണു്.

(സി) തുപ്പണിത്തുറയിൽ ഇപ്പോഴും പണിതുകൊണ്ടിരിക്കുന്ന ബാരക്കുകളിൽ എറണാകുളം ഡിസ്ട്രിക്'ടിലെ ആകെയുള്ള അഞ്ചു് കമ്പനിയിലെ മൂന്നര കമ്പനിയെ മാത്രമേ പാർപ്പിക്കാൻ കഴിയൂ. ബാക്കിയുള്ള ഒന്നര കമ്പനിയെ എറണാകുളം ക്യാമ്പിൽതന്നെ പാർപ്പിക്കേണ്ടതായാണിരിക്കുന്നതു്. തുപ്പണിത്തുറയിലെ ഇപ്പോഴുള്ള ബാരക്കുകളും പഴകി ജീർണ്ണിച്ച അവസ്ഥയിലാണു്, അതുകൊണ്ടു് ഇവ മറ്റു സർക്കാർ ആഫീസുകളുടെ ഉപയോഗത്തിനു് ഉതകുന്നതല്ല.

(ഡി) 'സി' യു്' നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ ടി. കെ. രാമകൃഷ്ണൻ : അവിടെ ഇപ്പോഴുള്ള കെട്ടിടങ്ങളും പഴകി ജീർണ്ണിച്ചതാണെങ്കിലും ഇപ്പോഴുംതന്നെ അവിടെ വാടകക്കെട്ടിടങ്ങളിൽ അനവധി ആഫീസുകളും സ്ഥാപിച്ചിട്ടുള്ളതിനെ പരിഗണിച്ചു് ഈ സ്ഥലത്തു് പുതിയ കെട്ടിടങ്ങളും പണിതു് ഈ ആഫീസുകളും മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ എല്ലാ ആഫീസുകളും അവിടെ മാറ്റി സ്ഥാപിക്കാൻതക്കവണ്ണമുള്ള കെട്ടിടങ്ങളും പണിയാൻമാത്രം പണം ഗവണ്മെന്റിന്റെ കൈവശമില്ലാത്തതുകൊണ്ടു് ആ നടപടി സ്വീകരിച്ചില്ല.

വില്ലേജ് വാട്ടർസപ്ലൈ

* 735. [10] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വില്ലേജ് വാട്ടർസപ്ലൈക്കു് എത്ര ലക്ഷം രൂപാ നീക്കിവച്ചിരുന്നു;

(ബി) 1963 ഡിസംബർ 31 വരെ എത്ര വർക്കുകൾ തുടങ്ങിയിട്ടുണ്ടു്;

(സി) ഏതെല്ലാം വർക്കുകൾ തീർന്നിട്ടുണ്ടു്;

(ഡി) ഇനി എത്ര വർക്കുകൾ തീരാനുണ്ടു്;

(ഈ) തീരാനുള്ള വർക്കുകൾ സാമ്പത്തിക വർഷാവസാനത്തിൽ തീരുമോ;

(എഫ്) ഇല്ലായെങ്കിൽ തീർക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 50,000 രൂപാ.

(ബി) 3.

(സി) എല്ലാ സ്കീമുകളുടെയും പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

(ഡി) ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നവയ്ക്കു് പുറമേ 5 പദ്ധതികളുടെ പണികൂടി തീരാനുണ്ടു്.

(ഈ) ആവശ്യത്തിനുള്ള പൈപ്പുകൾ ലഭിക്കുകയാണെങ്കിൽ ഈ സാമ്പത്തികവർഷത്തിൽത്തന്നെ തുടങ്ങിയ പദ്ധതികളുടെ പണികൾ പൂർത്തിയാകും.

(എഫ്) പൈപ്പുകൾ ലഭിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly